കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാഴക്കാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/1881/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 23-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം )
വാഴക്കാട് ഗ്രാമപഞ്ചായത്ത്
സർ,

വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.11/17

നം. കെ.എസ്.എ.എം.പി.എം.7/1881/2017 തിയ്യതി: 23-10-2017

# മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-12-2016 മുതൽ 25-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മുഴുവനായും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-07-2017 മുതൽ 05-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. എം. ഹാജറുമ്മ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ജയപ്രകാശ്. കെ | 01.04.2016 മുതൽ 04.08.2016 വരെ |
| ശ്രീ. ആർ. സുബ്രഹ്മണ്യൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 05.08.2016 മുതൽ 25.08.2016 വരെ |
| ശ്രീ. സുനിൽകുമാർ. പി.പി | 26.08.2016 മുതൽ 21.03.2017 വരെ |
| ശ്രീമതി. എൽ. ശ്രീകുമാരി, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 22.03.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജയപ്രകാശ്.കെ | 01.04.2016 മുതൽ 04.08.2016 വരെ |
| | ആർ. സുബ്രഹ്മണ്യൻ,എ.എസ് (ഇൻ ചാർജ്) | 05.08.2016 മുതൽ 25.08.2016 വരെ |
| | ശ്രീ. സുനിൽകുമാർ. പി.പി | 26.08.2016 മുതൽ 21.03.2017 വരെ |
| | ശ്രീമതി. എൽ. ശ്രീകുമാരി,എ.എസ് (ഇൻ ചാർജ്) | 22.03.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ആർ. സുബ്രഹ്മണ്യൻ | 01.04.2016 മുതൽ 16.02.2017 വരെ |
| | ശ്രീമതി. എൽ. ശ്രീകുമാരി | 17.02.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ബ്ലസ്സി മേരി | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രഞ്ജുമോൻ. സി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അഞ്ജലി. കെ | 01.04.2016 മുതൽ 14.10.2016 വരെ |
| | ശ്രീമതി. ബിന്ദു. കെ.കെ | 15.10.2016 മുതൽ 10.01.2017 വരെ |
| | ശ്രീമതി. ഗീതു. എം | 11.01.2017 മുതൽ 10.03.2017 വരെ |
| | ശ്രീമതി. ബിന്ദു. കെ.കെ | 11.03.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രിയ. എ.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പാത്തുമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. വിജയകുമാരൻ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അശ്വിൻ. സി.പി | 01.04.2016 മുതൽ 31.05.2016 വരെ |

| | | |
|---|---|---|
| | ഡോ. ഷാജികുമാർ. എ.കെ | 01.06.2016 മുതൽ 27.06.2016 വരെ |
| | ഡോ. മുഹമ്മദ് അമീൻ. എ.കെ | 28.06.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിവേക്. വി. ദേവൻ | 01.04.2016 മുതൽ 19.01.2017 വരെ |
| | ഡോ. ജിഷ്ല | 20.01.2017 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രശ്മി | 01.04.2016 മുതൽ 25.07.2016 വരെ |
| | ശ്രീ. ഹംസ | 26.07.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | |

| | | | |
|---|---|---|---|
| | നല്കിയതിന്റെ വിവരം | | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് 3890 രൂപ നഷ്ടം | 2-1 | |
| 13 | വാടക കുടിശ്ശിക ഇനത്തിൽ 78411 രൂപ ഈടാക്കാനവശേഷിക്കുന്നു | 2-2 | |
| 14 | റൂം വാടക - വാർഷിക വർധന വരുത്താത്തത് മൂലം പഞ്ചായത്തിന് നഷ്ടം | 2-3 | |
| 15 | കെട്ടിട നമ്പർ അനുവദിക്കൽ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 2-4 | |
| 16 | തൊഴിൽ നികുതി വരവ് അപാകതൾ | 2-5 | |
| 17 | ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചിട്ടില്ല | 2-6 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 18 | സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ - അപാകതകൾ | 3-1 | |
| 19 | ഗ്രോബാഗ്, നെൽ വിത്ത്, ഇടവളക്കിറ്റ് വിതരണ വിവരം ലഭ്യമല്ല | 3-2 | |
| 20 | മുൻകൂർ തുക ക്രമീകരിച്ചില്ല | 3-3 | |
| 21 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-4 | |
| 22 | ഐ.എ.വൈ അധിക ധനസഹായം - വിനിയോഗ വിവരം ലഭ്യമല്ല | 3-5 | |
| 23 | ന്യൂട്രിമിക്സ് -ഗുണനിലവാര പരിശോധന കൃത്യമായി നടത്തുന്നില്ല | 3-6 | |
| 24 | അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 3-7 | |
| 25 | മരാമത്ത് പ്രവൃത്തി - പൊതു അവലോകനം | 3-8 | |
| 26 | കമ്പ്യൂട്ടർ വാങ്ങൽ- സർക്കാർ നിർദേശം പാലിക്കുന്നില്ല | 3-9 | |
| 27 | പരിരക്ഷ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-10 | |
| 28 | മരാമത്ത് പ്രവൃത്തി - പിഴ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല | 3-11 | |
| 29 | സർവീസ് ടാക്സ് അടച്ചില്ല | 3-12 | |
| 30 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – അർഹമായ തുക | 3-13 | |

| | | | |
|---|---|---|---|
| | നൽകുന്നില്ല. | | |
| 31 | മരുന്ന് ലഭ്യമായില്ല | 3-14 | |
| 32 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 3-15 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | Audit Certificate | 2 | |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 46 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 01-03-2016 ലെ 83/2016 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 26-07-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കെട്ടിട വാടക (കറണ്ട്) ഇനത്തിൽ ബിൽഡിംഗ് വാടക രജിസ്റ്റർ പ്രകാരം തൻവർഷം 184335 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം ആയത് 163768 രൂപയാണ്. വ്യത്യാസം 20567 രൂപ.

2. മുഴവൻ സ്ഥാവര ജംഗമ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

4. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5. മുൻ വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച മുഴവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7057396 |
| വരവ് | 55466155 |
| ആകെ | 62523551 |
| ചെലവ് | 53038013 |
| നീക്കിയിരുപ്പ് | 9485538 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ് 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12605198 | 12605198 | 8861054 | 3744144 | 70.2 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7004526 | 7004526 | 4695723 | 2308803 | 67 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 332808 | 332808 | 64000 | 268808 | 19.2 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3396060 | 3396060 | 1437766 | 1958294 | 42.3 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3450018 | 3450018 | 1744757 | 1705261 | 50.6 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7069556 | 7069556 | 6917524 | 152032 | 97.8 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3773023 | 3773023 | 3613307 | 159716 | 95.8 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| MGNREGS | 8833 | 25325756 | 25334589 | 24944746 | -- | 98.5 | 389843 |
| ബി ഫണ്ട് | 0 | 42667800 | 42667800 | 42667800 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 234 | 65642629 | 139 | 36538351 | 0 | 95 | 59.4 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4900383 | 6353618 | 1453235 | (+)29.6 |
| നികുതിയേതര വരവുകൾ | 3918281 | 2106817 | 1811464 | (-)46.2 |
| മറ്റു വരവുകൾ | 9799024 | 10495536 | 696512 | (+)7.1 |
| ആകെ | 18617688 | 18955971 | 3961211 | (+)1.8 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 689880 | 518 |
| കർഷക തൊഴിലാളി പെൻഷൻ | 9411770 | 1208 |
| വിധവാ പെൻഷൻ | 10189360 | 1060 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 16516210 | 1894 |
| വികലാംഗ പെൻഷൻ | 4402380 | 509 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 648200 | 64 |
| വിവാഹ ധനസഹായം | 810000 | 27 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-07-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 48309 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സർക്കാർ ഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ടി.ആർ 7 എ ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ, ടി.ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കൃഷി ഓഫീസർ പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കെട്ടിട വാടകക്കാരിൽ നിന്നും വാടക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഫയലിൽ ലഭ്യമല്ല. പരസ്യ നികുതി ബൈലോ അന്തിമമാക്കി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

വസ്തുനികുതി, ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ യോഗ നടപടിക്രമം- ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ യോഗം ചേരുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.

1) യോഗ നോട്ടീസ്, അജണ്ട എന്നിവ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം [ചട്ടം 4(4)]

2) അജണ്ട, അജണ്ട രജിസ്റ്ററിൽ ചേർക്കണം. [ചട്ടം 5(3)]

3) പഞ്ചായത്ത് യോഗ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു തീരുമാനം രജിസ്റ്റർ, മിനുട്സ് ബുക്ക് എന്നിവ സൂക്ഷിക്കണം [ചട്ടം 26 (3) ]

4) പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ തീരുമാനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി യോഗാവസാനം സെക്രട്ടറി വായിക്കണം [ചട്ടം 26 (4) ]

5) പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനം പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകണം. [ചട്ടം 26 (6)]

6) യോഗ നടപടികളുടെ കരട് തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം പ്രസിഡന്റിന് നൽകേണ്ടതാണ്. [ചട്ടം 26 (8)]

7) അദ്ധ്യക്ഷൻ 24 മണിക്കൂറിനകം കരട് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി തിരിച്ച് നൽകണം [ചട്ടം 26 (9)]

8) അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് ഉടൻതന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തണം [ചട്ടം 26 (10) ]

വാഴക്കാട് പഞ്ചായത്തിന്റെ യോഗ നടപടികൾ പരിശോധിച്ചതിൽ ചട്ടപ്രകാരമുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നില്ല എന്ന് വ്യക്തമായി. തീരുമാനം രജിസ്റ്റർ, മിനുട്സ് എന്നിവ എഴുതുന്നതിലും പൂർത്തീകരിക്കുന്നതിലും, പകർപ്പ് നൽകുന്നതിലും ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. കൂടാതെ ചട്ട പ്രകാരം പഞ്ചായത്തിലെ യോഗ നടപടികൾ രേഖപ്പെടുത്തുന്ന മിനുട്സ് ബുക്കിൽ യോഗത്തിൽ ഓരോ അജണ്ട സംബന്ധിച്ചും നടന്ന ചർച്ചകൾ ഉൾപ്പെടെ യോഗ നടപടികൾ വിശദമായി രേഖപ്പെടുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ മിനുട്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ മാത്രം എഴുതുകയാണ് ചെയ്തിരിക്കുന്നത്.

ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് യോഗം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾ പൂർണ്ണമായും പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-05-2017, 19-05-2017 | 02/2017 to 04/2017 | 02-08-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-11-2016 മുതൽ 15-11-2016 വരെ | 2011-12 to 2015-16 | 08-02-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് 3890 രൂപ നഷ്ടം

2016-17 വർഷത്തിൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചുവടെ ചേർക്കുന്ന അപേക്ഷകരിൽ നിന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടപ്രകാരമുള്ള വസ്തു നികുതി അസസ്സ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

I)

കെട്ടിട ഉടമയുടെ പേര് : ശ്രീ. മുഹമ്മദ് ഹുസൈൻ, സെക്രട്ടറി, എളമരം യത്തീംഖാന, എളമരം

കെട്ടിടത്തിന്റെ തരം : വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം (കോഴി ഫാം)

അടിസ്ഥാന വസ്തു നികുതി : @ 10 രൂപ (ഇളവ് @ 10% ദ്വിതീയ മേഖല, @ 10% മേൽക്കൂര)

തറ വിസ്തീർണ്ണം : 390 m2

വസ്തു നികുതി : 3120 രൂപ, ലൈബ്രറി സെസ്സ് : 156 രൂപ

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 7/79 A, ഡിമാന്റ് നമ്പർ : 13854/30-11-2016

മേൽ കെട്ടിടത്തിനോടനുബന്ധിച്ച് 28.87 m2 തറ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. സെക്ഷൻ ക്ലർക്കിന്റെ ഫയൽ കുറിപ്പ് പ്രകാരം കെട്ടിടത്തിന്റെ സമീപത്തായി ഓഫീസ് ആവശ്യത്തിലേക്ക് 28.87 m2 തറ വിസ്തീർണ്ണമുള്ള അധിക നിർമ്മാണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 06-12-2011 ലെ എ.2-22399/11 വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ഓഫീസ് കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്ക്. എന്നാൽ മേൽ കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 3 രൂപ നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചത് മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 7/79 B, ഡിമാന്റ് നമ്പർ : 13855/30-11-2016

തറ വിസ്തീർണ്ണം : 28.87 m2

| ഈടാക്കേണ്ടത് @ 30 | | ഈടാക്കിയത് @ 3 | | കുറവ് | |
|---|---|---|---|---|---|
| വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| 693 | 35 | 70 | 4 | 623 | 31 |

II)

കെട്ടിട ഉടമയുടെ പേര് : ശ്രീ. അബ്ദുൽ മുനീർ.കെ, കാവാട്ട്, മുണ്ടുമുഴി

കെട്ടിടത്തിന്റെ തരം : ടൈൽ ഗോഡൗൺ ഷെഡ്

കംപ്ലീറ്റഡ് പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം : 111.48 m2

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 06-12-2011 ലെ എ.2-22399/11 വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഗോഡൗണുകൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയാണ് അടിസ്ഥാന വസ്തു നികുതി നിരക്ക്. എന്നാൽ മേൽ കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചത് മൂലം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 6/207 A ഡിമാന്റ് നമ്പർ : 14105/17-04-2017

അടിസ്ഥാന വസ്തു നികുതി : @ 50 രൂപ (ഇളവ് @ 10% ദ്വിതീയ മേഖല, @ 10% മേൽക്കൂര, വർധനവ് @ 20% വഴി സൗകര്യം)

തറ വിസ്തീർണ്ണം : 111.48 m2

| ഈടാക്കേണ്ടത് @ 50 | | ഈടാക്കിയത് @ 30 | | കുറവ് | |
|---|---|---|---|---|---|
| വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| 5574 | 279 | 3345 | 168 | 2229 | 111 |

III)

കെട്ടിട ഉടമയുടെ പേര് : ശ്രീ. വാസുദേവൻ, സി.പി.ഐ.എം ജില്ലാ സെക്രട്ടറി, മലയിൽ വീട്, എരമംഗലം &

ശ്രീ. കൃഷ്ണകുമാർ.

കെട്ടിടത്തിന്റെ തരം : വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം

അടിസ്ഥാന വസ്തു നികുതി : @ 30 രൂപ (ഇളവ് @ 10% ദ്വിതീയ മേഖല, വർധനവ് @ 20% വഴി സൗകര്യം)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 15/147 A, 15/147 B ഡിമാന്റ് നമ്പർ : 13932, 13933/02-02-2017

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 06-12-2011 ലെ എ.2-22399/11 വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനവ് വരുത്തേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീറ്റഡ് സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 8 മീറ്റർ വീതിയുള്ള വഴി സൗകര്യമുണ്ട്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് കണക്കിലെടുക്കാത്തത് കാരണം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

തതറ വിസ്തീർണ്ണം : തറ നില – 56.61 m2, ഒന്നാം നില – 75.41 m2

അടിസ്ഥാന വസ്തു നികുതി നിരക്ക് : 30 രൂപ

| ഫ്ലോർ | ഈടാക്കേണ്ടത് | | ഈടാക്കിയത് | | കുറവ് | |
|---|---|---|---|---|---|---|
| | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
| തറ നില | 1868 | 93 | 1529 | 77 | 339 | 16 |
| ഒന്നാം നില | 2364 | 118 | 1936 | 97 | 428 | 21 |
| ആകെ | 4232 | 211 | 3465 | 174 | 767 | 37 |

IV

കെട്ടിട ഉടമയുടെ പേര് : ശ്രീ. വാസുദേവൻ, സി.പി.ഐ.എം ജില്ലാ സെക്രട്ടറി, മലയിൽ വീട്, എരമംഗലം.

കെട്ടിടത്തിന്റെ തരം : ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം

അടിസ്ഥാന വസ്തു നികുതി : @ 30 രൂപ (ഇളവ് @ 10% ദ്വിതീയ മേഖല, വർധനവ് @ 20% വഴി സൗകര്യം)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 7/257 A, ഡിമാന്റ് നമ്പർ : 14030/27-02-2017

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 06-12-2011 ലെ എ.2-22399/11 വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% നികുതി വർധനവ് വരുത്തേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീറ്റഡ് സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 6 മീറ്റർ വീതിയുള്ള വഴി സൗകര്യമുണ്ട്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർധനവ് കണക്കിലെടുക്കാത്തത് കാരണം പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

തതറ വിസ്തീർണ്ണം : 14.8 m2

അടിസ്ഥാന വസ്തു നികുതി നിരക്ക് : 30 രൂപ

| ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|

| വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|
| 488 | 24 | 400 | 20 | 88 | 4 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 3/02-08-2017, 6/03-08-2017) പഞ്ചായത്ത് നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി കുറവ് വന്ന തുക കക്ഷികളിൽ നിന്ന് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വസ്തു നികുതി ഇനത്തിൽ കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക ഇനത്തിൽ 78411 രൂപ ഈടാക്കാനവശേഷിക്കുന്നു

2016-17 ലെ ഗ്രാമ പഞ്ചായത്ത് കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന റൂമുകളുടെ വാടക സാമ്പത്തിക വർഷം അവസാനിച്ചിട്ടും മുഴുവനായും പിരിച്ചെടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | റൂം നമ്പർ | പ്രതിമാസ വാടക | സ്വഛ് ഭാരത് സെസ്സ് @0.5% | കിസാൻ സെസ്സ്@0.5% | കുടിശ്ശിക | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| 1 | മുഹമ്മദ് ഷരീഫ് ചെറുകുണ്ടിൽ, വെട്ടുപാറ ചീക്കോട് | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ. 7 | 2392 | 12 | 12 | 02/2017 മുതൽ 03/2017 വരെ | 4832 |
| 2 | കെ.കെ മുഹമ്മദ്, കരിയാർകാവിൽ, ആക്കോട് | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ. 15 | 4725 | 24 | 24 | 12/2016 മുതൽ 03/2017 വരെ | 19092 |
| 3 | വെള്ളത്തേടത്ത് മുഹമ്മദ്, പാഴൂർ, മാവൂർ | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ. 18 | 3753 | 19 | 19 | 03/2017 | 3791 |
| 4 | കെ.കെ. മുഹമ്മദ്, ചൂരപ്പട്ട, ആക്കോട് | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 24 | 4085 | 20 | 20 | 03/2017 | 4125 |
| 5 | റഷീദലി, കാരിയോട്, ചീക്കോട് | എടവണ്ണപ്പാറ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 25 | 5129 | 26 | 26 | 12/2016 മുതൽ 03/2017 വരെ | 20724 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | പി.ടി റഹ്മത്തുള്ള, പള്ളിയാളിതൊടി, പൂക്കോട്ടുചോല | 4 A | 844 | 4 | 4 | 09/2016 മുതൽ 03/2017 വരെ | 5964 |
| 7 | നിഹ്മത്തുള്ള. പി, പട്ടാക്കൽ, ഉഗ്രപുരം | 7A | 875 | 4 | 4 | 11/2016 മുതൽ 03/2017 വരെ | 4415 |
| 8 | ടി.ടി അബ്ദുൽ ഗഫൂർ, തയ്യിൽ തൊടികയിൽ, നീലേശ്വരം | 13 A | 1277 | 6 | 6 | 04/2016 മുതൽ 03/2017 വരെ | 15468 |
| ആകെ | | | | | | | 78411 |

വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-3 റൂം വാടക - വാർഷിക വർധന വരുത്താത്തത് മൂലം പഞ്ചായത്തിന് നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എടവണ്ണപ്പാറ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ റൂം നമ്പർ 14 വാടകക്ക് എടുത്ത ശ്രീ. ചിറ്റടി അബൂബക്കർ, S/o ഇമ്പിച്ചിക്കോയ, പുറങ്കിലായിൽ വീട്, ചെറുവായൂർ എന്ന വാടക്കാരനിൽ നിന്ന് 2016-17 സാമ്പത്തിക വർഷത്തിൽ വാടക ഇനത്തിൽ വരുത്തേണ്ട 5% വാർഷിക വർധന പൂർണ്ണമായും നിശ്ചയിച്ച് ഈടാക്കാത്തത് മൂലം പഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

2015-16 വർഷത്തിൽ മേൽ വാടകക്കാരന് ഉണ്ടായിരുന്ന പ്രതിമാസ വാടക 2816 രൂപ, സേവന നികുതി 394 രൂപ, സെസ്സ് 14 രൂപ.

2016-17 വർഷത്തൽ 5% വാർഷിക വർധന വരുത്തുമ്പോൾ നിശ്ചയിക്കേണ്ട പ്രതിമാസ വാടക 2957 രൂപ, സേവന നികുതി 414 രൂപ, സെസ്സ് 15 രൂപ.

| മാസം | ഈടാക്കേണ്ടത് | | | | ഈടാക്കിയത് | | | | കുറവ് | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | വാടക | ST | സെസ്സ് | സെസ്സ് | വാടക | ST | സെസ്സ് | സെസ്സ് | വാടക | ST | സെസ്സ് | സെസ്സ് |
| 04/16 | 2957 | 414 | 15 | - | 2831 | 396 | 14 | - | 126 | 18 | 1 | - |
| 05/16 | 2957 | 414 | 15 | - | 2831 | 396 | 14 | - | 126 | 18 | 1 | - |
| 06/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 07/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 08/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 09/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 10/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 11/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 12/16 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 01/17 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 02/17 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| 03/17 | 2957 | 414 | 15 | 15 | 2831 | 396 | 14 | 14 | 126 | 18 | 1 | 1 |
| ആകെ കുറവ് | | | | | | | | | 1512 | 216 | 12 | 10 |

വാടക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നമ്പർ അനുവദിക്കൽ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

വാഴക്കാട് ഗ്രാമപഞ്ചായത്ത് 11- ാം വാർഡിൽ ശ്രീ. മരതക്കോടൻ അബ്ദുസ്സലാം S/o മൊയ്തീൻകുട്ടി, പീടിയക്കൽ, വിളയിൽ എന്നയാൾ വാഴക്കാട് വില്ലേജ് BL/19-RS 168/3pt എന്ന സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 07-05-2013 പെർമിറ്റ് അപേക്ഷ നൽകുകയും, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 04-07-2013 ലെ A2/144/2013-14 നമ്പറായി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് ലഭിക്കുന്നതിനായി ടിയാൾ ഹാജരാക്കിയ വാഴക്കാട് വില്ലേജ് ഓഫീസിലെ 13-03-2013 ലെ 629/13 നമ്പർ കൈവശ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ പകർപ്പ് എന്നിവ പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള ഭൂമിയുടെ വിശദാംശം ചുവടെ ചേർക്കും പ്രകാരമാണ്.

| വില്ലേജ് | ബ്ലോക്ക് | റീ സർവേ നമ്പർ | വിസ്തീർണ്ണം സെന്റ് | ആധാരത്തിന്റെ നമ്പർ | ഭൂമിയുടെ തരം |
|---|---|---|---|---|---|
| വാഴക്കാട് | 19 | 168/3 pt | 15.524 | 1579/2011 SRO വാഴക്കാട് | നിലം പറമ്പാക്കിയത് |
| | | 168/3 pt | 10 | 671/2011 SRO വാഴക്കാട് | നിലം പറമ്പാക്കിയത് |

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിനായി 04-04-2016 ന് കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം രേഖകൾ പ്രകാരം നിലം ഭൂമിയാണെന്ന് ക്ലർക്ക് 27-07-2016 ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 30-07-2016 ന് ക്ലർക്ക് രേഖപ്പെടുത്തിയ കുറിപ്പ് പ്രകാരം പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്ന് ലഭിച്ച ഭൂമി തരംമാറ്റൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽന്നതിനായി കെട്ടിട ഉടമ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ 20-01-2017 ലെ WP (C) No. 39151/2016 (T) പ്രകാരം രണ്ടാഴ്ചക്കകം കെട്ടിടത്തിന് താൽക്കാലികമായി നമ്പർ നൽകാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ 31-01-2017 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കിട്ടിയ ലീഗൽ ഒപ്പീനിയൻ പ്രകാരം പരാതിക്കാരന് താൽക്കാലികമായി കെട്ടിടത്തിന് നമ്പർ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 02-02-2017 ന് കെട്ടിടത്തിന് ചുവടെ ചേർക്കും പ്രകാരം നമ്പർ നൽകി നികുതി നിശ്ചയിച്ചിട്ടുണ്ട്.

വാണിജ്യ കെട്ടിടം പ്ലിൻത്ത് ഏരിയ : 1295 m2 (GF:294.53m2, FF:499.9 m2, SF:499.9m2)

| ഫ്ലോർ | അനുവദിച്ച നമ്പർ | എണ്ണം | വസ്തു നികുതി | ലൈബ്ര. സെസ്സ് |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 11/955 A to N | 14 | 10620 | 539 |

| | | | | |
|---|---|---|---|---|
| ഫസ്റ്റ് ഫ്ലോർ | 11/955 O to a A9 | 21 | 17077 | 863 |
| സെക്കന്റ് ഫ്ലോർ | 11/955 A10 to A22 | 13 | 12007 | 608 |

കെട്ടിടത്തിന് നമ്പർ അനുവദിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- രേഖകൾ പ്രകാരം കെട്ടിടം നിർമ്മിച്ചിരിക്കുന്നത് നിലം ഭൂമിയിലാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വേണ്ടത്ര അന്വേഷണമില്ലാതെയാണ് കെട്ടിടം നിർമ്മിക്കാൻ പെർമിറ്റ് നൽകിയത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.
- കെട്ടിട ഉടമ ഹാജരാക്കിയ പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 09-09-2005 ലെ ഭൂമി തരംമാറ്റൽ സർട്ടിഫിക്കറ്റ് പ്രകാരം വാഴക്കാട് വില്ലേജിലെ, ബ്ലോക്ക് 19, റീ.സർവേ നമ്പർ 168/3 ലെ 15.524 സെന്റ് ഭൂമിയിൽ 10 സെന്റ് ഭൂമി മറ്റു കെട്ടിടങ്ങൾ നിർമ്മാണ ആവശ്യാർത്ഥം തരം മാറ്റുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ മേൽ ഭൂമി തരം മാറ്റുന്നതിന് അനുമതി നൽകിയതായി കാണുന്നത് കോഴിക്കോട് താലൂക്ക്, ഫറോക്ക് വില്ലേജിലെ കിഴക്കിനിയകത്തെ ഹംസനഹ മകൻ 1) താഷിബ്, 2) ഷെരീഫ, W/o മുഹമ്മദ് കോയ എന്നിവർക്കാണ്. മാത്രവുമല്ല മേൽ ഭൂമിയുടെ ആധാരം നമ്പർ വാഴക്കാട് SRO ഓഫീസിലെ 1350/04 എന്നാണ് ഈ സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കുന്നത്. എന്നാൽ അപേക്ഷകൻ ഹാജരാക്കിയ വാഴക്കാട് വില്ലേജ് ഓഫീസിലെ 13-03-2013 ലെ 629/13 നമ്പർ കൈവശ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ പകർപ്പ് എന്നിവ പ്രകാരം തരം മാറ്റൽ സർട്ടിഫിക്കറ്റ് ലഭ്യമായ ഭൂമിയല്ല ഇത് എന്ന് വ്യക്തമാണ്. ഇതേ സർവേ നമ്പറിലെ മറ്റൊരു ഭൂമിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കി പഞ്ചായത്തിനെ കബളിപ്പിച്ചാണ് അപേക്ഷകൻ പെർമിറ്റ് തരപ്പെടുത്തിയത് എന്ന് മനസ്സിലാവുന്നു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമാണ്.
- ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട നിർമാണ ചട്ടങ്ങൾ പാലിക്കാതെയാണ് നിർമ്മാണം നടത്തിയത് എന്ന് വ്യക്തമാവുന്നു. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൽക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 (1), (2), (3), (4) എന്നിവ പാലിച്ചാണ് നമ്പർ നൽകേണ്ടത്. ചട്ടം 20(3) പ്രകാരം വസ്തു നികുതിയുടെ മൂന്നിരട്ടി ഈടാക്കി u/a നമ്പർ നൽകേണ്ടതാണ്. ഇക്കാര്യം പാലിച്ചിട്ടില്ലാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്
- ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചത്. തുടർ നടപടി വിവരം ഫയലിൽ ലഭ്യമല്ല.
  അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും, തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി വരവ് അപാകതൾ

### 1. തൊഴിൽ നികുതി കുറവായി ഈടാക്കി

2016-17 വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര്/തസ്തിക | അർദ്ധ വർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | റസീറ്റ് നമ്പർ /തിയ്യതി |
|---|---|---|---|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്, | അഖില സുന്ദർ. എം.എം (ഓഫീസർ) | ഒന്നാം അർദ്ധവർഷം | 182680 | 1250 | 1000 | 250 | 00015 17-09-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| വാഴക്കാട് | ജിഫിൻ ടോം (ക്ലർക്ക്) | ഒന്നാം അർദ്ധവർഷം | 110826 | 1000 | 300 | 700 | |
| ഫെഡറൽ ബാങ്ക്, എടവണ്ണപ്പാറ | അർച്ചന | ഒന്നാം അർദ്ധവർഷം | 130056 (21676x6) | 1250 | 1000 | 250 | 0017 28-09-2016 |
| മഞ്ചേരി കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക്, എടവണ്ണപ്പാറ | പുരുഷോത്തമൻ. വി.വി (ID :186) | രണ്ടാം അർദ്ധവർഷം | 43801 | 300 | 180 | 120 | 500022/ 20-03-2017 |

ആകെ 1320

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | KSEB ഇലക്ട്രിക്കൽ സെക്ഷൻ, എടവണ്ണപ്പാറ | 2016-17 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 2 | ഫെഡറൽ ബാങ്ക്, എടവണ്ണപ്പാറ | 2016-17 രണ്ടാം അർദ്ധവർഷം |
| 3 | കെ.എസ്.എഫ്.ഇ, എടവണ്ണപ്പാറ | 2016-17 രണ്ടാം അർദ്ധവർഷം |
| 4 | മാവേലി സ്റ്റോർ, എടവണ്ണപ്പാറ | 2016-17 രണ്ടാം അർദ്ധവർഷം |

3. തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, ഡിമാന്റ് ചെയ്ത് ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| മാവേലി സ്റ്റോർ, എടവണ്ണപ്പാറ | 2016-17 രണ്ടാം അർദ്ധ വർഷം |
| വാഴക്കാട് ടൈൽ വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2016-17 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/02-08-2017) പഞ്ചായത്ത് നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചിട്ടില്ല

2016-17 വർഷത്തിൽ പഞ്ചായത്തിൽ പി.എച്ച്.സി. കെട്ടിട നിർമാണം രണ്ടാം ഘട്ടം എന്ന പ്രൊജക്ട് ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്താണ് നടപ്പാക്കിയത്. എന്നാൽ ഈ പ്രവൃത്തിയുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | ടെണ്ടർ ഫോറം | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ |
|---|---|---|

| | വില | എണ്ണം |
|---|---|---|
| പി.എച്ച്.സി.കെട്ടിട നിർമാണം രണ്ടാം ഘട്ടം | 2500 | 4 |

മേൽ പ്രവൃത്തിയുടെ ടെണ്ടർ ഫോറം വിലയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ - അപാകതകൾ

2016-17 വർഷത്തിൽ പഞ്ചായത്തിലെ രണ്ട് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം ഒരുക്കുന്നതിന് അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ പ്രകാരം താഴെ പറയും പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| വാഴക്കാട് ഗവ.യുപി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ -262/17<br>അടങ്കൽ - ₹ 200000 | ₹ 200000 | ₹ 193000 കരാറുകാരന് നൽകി (ബിൽ നം 4/16-17 തി. 31.03.2017)<br>₹ 7000 ചെക്ക് പഞ്ചായത്ത് ഇഷ്യൂ ചെയ്തു എന്നാൽ തുക കരാറുകാരന് കൈമാറിയിട്ടില്ല. |
| വെട്ടത്തൂർ ഗവ.എൽ.പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ -263/17<br>അടങ്കൽ - ₹ 200000 | ₹ 200000 | ₹ 119200 കരാറുകാരന് നൽകി (ബിൽ നം 5/16-17 തി. 31.03.2017)<br>₹ 80800 ചെക്ക് പഞ്ചായത്ത് ഇഷ്യൂ ചെയ്തു. എന്നാൽ തുക കരാറുകാരന് കൈമാറിയിട്ടില്ല. |

സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന് പഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചത് പ്രകാരം സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന് ₹ 200000 ടെണ്ടർ സമർപ്പിച്ച m/s ബൂൺ ഇന്നവേഷൻ ലിമിറ്റഡ് കൊച്ചി എന്ന സ്ഥാപനത്തിനാണ് പണം നൽകിയിരിക്കുന്നത്.

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ / സാധനങ്ങൾ എന്നിവ വ്യക്തമാക്കി ടെണ്ടർ നോട്ടീസ് പുറപ്പെടുവിക്കുന്നതിന് പകരം കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഏതാനും സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് മാത്രമാണ് ടെണ്ടർ ചെയ്തത്.

2) ടെണ്ടർ പ്രകാരം വിതരണം ചെയ്യേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെയാണ് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചത്.

3) ടെണ്ടർ സമർപ്പിച്ച സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

4) സപ്ലൈ ചെയ്ത സാധനങ്ങളുടെ ഇനം, തരം എന്നിവ വ്യക്തമാക്കുന്ന വാറ്റ് ബിൽ, സപ്ലൈ ചെയ്ത സാധനങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തതിന്റെ രേഖകൾ, ഉപകരണങ്ങളുടെ ഗ്യാരണ്ടി/ വാറണ്ടി രേഖകൾ എന്നിവ ലഭ്യമല്ല.

പ്രൊജക്റ്റ് നടത്തിപ്പിലെ മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് ക്ലാസ്റൂം സജ്ജീകരിച്ചതിന്റെ വിവരങ്ങൾ പ്രഥമ മറുപടിയിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക ₹ 400000 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 ഗ്രോബാഗ്, നെൽ വിത്ത്, ഇടവിളക്കിറ്റ് വിതരണ വിവരം ലഭ്യമല്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിതരണം ചെയ്ത ഗ്രോ ബാഗ്, നെൽ വിത്ത്, ഇടവിളക്കിറ്റ് എന്നിവ കൈപ്പറ്റിയതിന് ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ / പേര് | ബിൽ നമ്പർ / തുക | കുറിപ്പ് |
|---|---|---|---|
| 1 | 061/17<br>ഇടവിളക്കിറ്റ് വിതരണം | 1/31-03-2017<br>174150 | ഗുണഭോക്താക്കളുടെ കൈപ്പറ്റ് ഹാജരാക്കിയില്ല |
| 2 | 60/17<br>സമഗ്ര നെൽകൃഷി വികസനം (നെൽ വിത്ത് വിതരണം) | 6/31-03-2017<br>156000 | ഗുണഭോക്താക്കളുടെ കൈപ്പറ്റ് ഹാജരാക്കിയില്ല |
| 3 | 75/17<br>പച്ചക്കറി കൃഷി വികസനം (ഗ്രോബാഗ് വിതരണം) | 4/31-03-2017<br>66330 | ഗുണഭോക്താക്കളുടെ കൈപ്പറ്റ് ഹാജരാക്കിയില്ല |

കൈപ്പറ്റ് റസീറ്റ് ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തുക 396480 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 മുൻകൂർ തുക ക്രമീകരിച്ചില്ല

താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പേര് / തസ്തിക | തുക | കുറിപ്പ് |
|---|---|---|---|
| 2160027/07-04-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 1500 | ഹൈക്കോടതി യാത്ര |
| 2160038/18-04-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 3000 | തിരുവനന്തപുരം യാത്ര |
| 2160056/23-04-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 3000 | തിരുവനന്തപുരം യാത്ര |
| 2160057/02-06-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 1500 | ഹൈക്കോടതി യാത്ര |
| 21600186/24-06-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 3000 | തിരുവനന്തപുരം യാത്ര |
| 21600189/24-06-2016 | മുഹമ്മദ്. പി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 3000 | തിരുവനന്തപുരം യാത്ര |
| 21600229/05-07-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 3000 | തിരുവനന്തപുരം യാത്ര |
| 21600253/29-07-2016 | ജയപ്രകാശൻ. കെ, സെക്രട്ടറി | 3000 | തിരുവനന്തപുരം യാത്ര |
| 21600305/08-08-2016 | മുഹമ്മദ്. പി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 3000 | തിരുവനന്തപുരം |

| | | | |
|---|---|---|---|
| | ചെയർമാൻ | | യാത്ര |
| 21600306/08-08-2016 | ശ്രീമതി. പി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 3000 | തിരുവനന്തപുരം യാത്ര |
| 21600459/18-10-2016 | സുബ്രഹ്മണ്യൻ, അസി. സെക്രട്ടറി | 3000 | തിരുവനന്തപുരം യാത്ര |
| 21600463/19-10-2016 | സുരേഷ്കുമാർ, മെമ്പർ | 1000 | തിരുവനന്തപുരം യാത്ര |
| 21600524/09-11-2016 | എം. ഹാജറുമ്മ, പ്രസിഡണ്ട് | 2000 | തിരുവനന്തപുരം യാത്ര |

മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2016-17 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 6,00,000 എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ വിഹിതം ( 273/17) | 600000 | 1/16-17 തി. 18.11.2016 |
| ആകെ | 600000 | |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തി. 11.01.2016 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും, എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെ SSA ലഭ്യമാക്കിയ ഒരു സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പണം നൽകുകയാണ് ചെയ്തത്.

<u>2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.</u>

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

മുൻകൂറായി SSA ക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ്തുക ₹ 600000 തടസ്സം ചെയ്യുന്നു.

## 3-5 ഐ.എ.വൈ അധിക ധനസഹായം - വിനിയോഗ വിവരം ലഭ്യമല്ല

2016-17 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി ഭവന നിർമാണം ( 283/17) എന്ന പ്രൊജക്ട് പ്രകാരം 2015-16 വർഷത്തെ ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 475000 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 2/16-17 തി. 10.03.2017)

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഐ.എ.വൈ പദ്ധതി സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ എത്രയും പെട്ടന്ന് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും തുക ബാക്കി ഉണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത്‌വരെ ചെലവ് തുക ₹ 475000 തടസ്സം ചെയ്യുന്നു.

## 3-6 ന്യൂട്രിമിക്സ് -ഗുണനിലവാരപരിശോധന കൃത്യമായി നടത്തുന്നില്ല

2016-17 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി അനുപൂരക പോഷകാഹാരം എന്ന പ്രൊജക്ടിന്റെ ഭാഗമായി അംഗനവാടികളിലേക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത് പുലരി ന്യൂട്രിമിക്സ്, പ്രശാന്തി ന്യൂട്രിമിക്സ് പുളിക്കൽ എന്നീ സ്ഥാപനങ്ങളാണ്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി.3-312/2010 തീയ്യതി 05/06/2010, 01/02/2010 തീയ്യതികളിലെ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളുടെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ നിശ്ചിത കാലയളവുകളിൽ പരിശോധിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

ഭക്ഷ്യ മിശ്രിതം പരിശോധനക്ക് വിധേയമാക്കി സുരക്ഷിത ഭക്ഷണമാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ആകെ 31 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 23 എണ്ണത്തിന് മാത്രമാണ്. വാടക കെട്ടിടത്തിൽ 8 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്. വൈദ്യുതി, ഗ്യാസ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുള്ള അംഗൻവാടികളുടെ എണ്ണം യഥാക്രമം 21, 31, 7 എന്നിങ്ങനെയാണ്. ചുറ്റുമതിലുള്ള അംഗൻവാടികൾ 10 എണ്ണം മാത്രമാണ്. ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഒരു അംഗൻവാടിയിലും സ്ഥാപിച്ചിട്ടില്ല.

ഗവൺമെന്റ് സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തിൽ പഞ്ചായത്തിലെ അംഗൻവാടികൾക്ക് ഒന്നിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. ആയതിനാൽ പഞ്ചായത്തിലെ എല്ലാ അംഗൻവാടി കെട്ടിടങ്ങളും പരിശോധിച്ച് ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിൽ മാത്രമാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

അംഗൻവാടികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തി - പൊതു അവലോകനം

2016-17 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി അടങ്കലിന്റെ 52.5ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വകയിരുത്തിയത്. തനതു വിഹിതം ഉൾപ്പെടെ വിവിധ

സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ ₹ 33952178 അടങ്കലിൽ 149 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിൽ 78 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്.

ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർമാർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ എഞ്ചിനിയറുടെയും ഒരു ഓവർസിയറുടെയും സേവനം മാത്രമാണ് ലഭ്യമായിരുന്നത്.

എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതും അനുവദിക്കപ്പെട്ട എണ്ണം ജീവനക്കാരെ ലഭ്യമല്ലാത്തതും മരാമത്ത് പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടം അസാദ്ധ്യമാക്കുന്നുണ്ട്. എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിലാണ് മരാമത്ത് പ്രവൃത്തി നടത്തേണ്ടത് എങ്കിലും പ്രവൃത്തികളുടെ ആധിക്യം മൂലവും ജീവനക്കാരുടെ കുറവ് മൂലവും ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത ഗുണനിലവാരത്തിൽ നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല.
വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

<u>1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു</u>

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളുമായും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

<u>2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.</u>

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ്, അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി

പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2 /2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല. വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ, മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥ ബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷമപരിശോധന നടത്തേണ്ടതാണ്.

## 3-9 കമ്പ്യൂട്ടർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

കേരള വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ 21.07.2016 ലെ ഐ.ടി.സെൽ -2/701/2015/ഐ.ടി.ഡി നമ്പർ സർക്കുലറിൽ സർക്കാർ ഓഫീസുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നവിടങ്ങളിൽ വിവര സാങ്കേതിക ആസ്തി ഉപയോഗം സുരക്ഷിതമാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന് നിർദേശിക്കുന്നുണ്ട്.

1)ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. ഏതെങ്കിലും കാരണവശാൽ ലൈസൻസ് ഉള്ള സോഫ്റ്റ്‌വെയറുകൾ ആവശ്യമായി വരികയാണെങ്കിൽ ഉചിതമായ തലത്തിൽ നിന്ന് അനുമതി വാങ്ങി ടെണ്ടർ മുഖേന മാത്രമെ വാങ്ങിക്കാവൂ.

2)സോഫ്റ്റ്‌വെയർ ലൈസൻസ് നിബന്ധനകൾ അനുസരിച്ച് മാത്രമെ ഉപയോഗിക്കാവൂ.

3)ശരിയായ ലൈസൻസില്ലാത്തതും, നിയമവിരുദ്ധമായി വിതരണം ചെയ്യുന്നതും, അനധികൃതമായി പുനഃസൃഷ്ടിക്കുന്നതുമായ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം കർശനമായി നിരോധിച്ചിരിക്കുന്നു.

4)ഓഫീസുകളിൽ ഉചിതമായ ലൈസൻസ് സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത് എന്ന്

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

എന്നാൽ 2016-17 വർഷത്തിൽ വെറ്ററിനറി സർജൻ, കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ എന്നിവർ നടത്തിയ കമ്പ്യൂട്ടർ പർച്ചേസിൽ മേൽ നിർദേശങ്ങൾ പാലിച്ചിട്ടില്ല. വാങ്ങിയ കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ചത് സ്വതന്ത്ര സോഫ്റ്റ്‌വെയർ അല്ല. ഉപയോഗിച്ച സോഫ്റ്റ്‌വെയറിന്റെ ലൈസൻസ് സംബന്ധിച്ച രേഖകളും ലഭ്യമല്ല.

ഭാവിയിൽ കംപ്യൂട്ടർ പർച്ചേസ് / സോഫ്റ്റ്‌വെയറുകളുടെ ഉപയോഗത്തിൽ മേൽ സർക്കുലറിലെ നിർദേശങ്ങൾ പാലിക്കേണ്ടതും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-10 പരിരക്ഷ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2016-17 വർഷത്തിൽ നടപ്പാക്കിയ പരിരക്ഷ പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ മേൽ പ്രൊജക്ട് നടത്തിപ്പിൽ GO(Rt) 3217/15/LSGD Dt. 29.10.2015 നമ്പർ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന് വ്യക്തമായി.

1) എല്ലാ വർഷവും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും, പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രൊജക്ട് നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തേക്ക് പുതിയ PMC രൂപീകരിച്ചിട്ടില്ല. 16-17 ൽ മൂന്ന് മാസത്തിലൊരിക്കൽ എന്ന കണക്കിൽ ആകെ നാല് തവണയാണ് PMCയോഗം ചേർന്നത്. പി.എം.സി യോഗ മിനുട്സ് ശരിയായി എഴുതി ക്ലോസ് ചെയ്തിട്ടില്ല.

2) എല്ലാ മാസവും 5 ാം തിയ്യതിക്ക് മുമ്പ് PMC യോഗം ചേരണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും പ്രതിമാസം യോഗം ചേർന്നിട്ടില്ല.

3) പ്രതിമാസ വരവ് ചെലവുകൾ രേഖാമൂലം PMC യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതായിരുന്നുവെങ്കിലും 2016-17 വർഷത്തിൽ വരവ് ചെലവ് കണക്കുകൾ PMC യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

4) മേൽ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തിയ്യതി മുതൽ 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗികളുടെ വിവരങ്ങൾ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതായിരുന്നു. ഈ നിർദ്ദേശം പാലിക്കാതെ തുടർന്ന് ആശ്രയ പ്രൊജക്ടിന് പണം ചെലവഴിക്കാൻ പാടില്ല എന്നും മേൽ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ വിവരം വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

5) 2016-17 വർഷത്തിൽ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

6) പാലിയേറ്റീവ് കെയർ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്ന രോഗികളുടെ വിശദ വിവരം PMC യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തി - പിഴ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല

2016-17 വർഷത്തിൽ പൂർത്തീകരിച്ച ഗവ.ആയുർവേദ ആശുപത്രി വിപുലീകരണം (164/17) എന്ന പ്രൊജക്റ്റ് നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനായ ശ്രീ. കെ.അഹമ്മദ്കുട്ടി എന്നയാളിൽ നിന്നും ₹ 42222 പിഴ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തിരുന്നു (ബിൽ നമ്പർ 49/16-17 Dt. 31.03.2017)

എന്നാൽ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാത്തതിനാൽ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ അവശേഷിച്ച തുക ലാപ്സായതിൽ ഉൾപ്പെട്ടു തുക പഞ്ചായത്തിന് നഷ്ടപ്പെട്ടു. പിഴ ഇനത്തിൽ ഈടാക്കുന്ന തുക പഞ്ചായത്ത് തനത് ഫണ്ടിലേക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-12 സർവീസ് ടാക്സ് അടച്ചില്ല

2016-17 വർഷത്തിൽ നടപ്പാക്കിയ പി.എച്ച്.സി കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം എന്ന പ്രൊജക്റ്റ് (278/17) പ്രകാരമുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് സർവീസ് ടാക്സ് ഇനത്തിൽ ₹ 111766 അടവാക്കേണ്ടതുണ്ട്. പ്രവൃത്തിയുടെ കരാറുകാരൻ തുക അടവാക്കി രേഖ ഹാജരാക്കുന്ന മുറക്ക് പ്രസ്തുത തുക ടിയാന് അനുവദിച്ച് നൽകുകയാണ് ചെയ്യേണ്ടത്.

ലോകബാങ്ക് ഫണ്ട് വകയിരുത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സർവീസ് ടാക്സ് തുക ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച് നൽകിയപ്പോൾ സർവീസ് ടാക്സ് തുക ബില്ലിൽ ഉൾപ്പെടുത്തി പണം പിൻവലിക്കാത്തതുമൂലം സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ ട്രഷറിയിൽ ബാക്കി വന്ന തുക ലാപ്സ് ആയതിനാൽ സർവീസ് ടാക്സ് നൽകുന്നതിനുള്ള തുക പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. സർവീസ് ടാക്സ് ഇനത്തിൽ നൽകേണ്ട തുക പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും സർവീസ് ടാക്സ് അടവാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-13 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അർഹമായ തുക നൽകുന്നില്ല

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2016-17 വർഷത്തിൽ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|
| വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( 36/17) | 1100000 | 1100000<br>[ ₹ 800000 - 2/16-17 തി. 20.03.2017 & ₹ 300000 ചെ.നം 239197/15.03.2017 ] |

| | | |
|---|---|---|
| വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- എസ്.സി ( 37/17) | 100000 | 100000<br>3/16-17 തി. 20.03.2017 |

പ്രൊജക്ട് പ്രകാരം 121 ജനറൽ ഗുണഭോക്താക്കളും 14 എസ്.സി ഗുണഭോക്താക്കളും ഉൾപ്പെടെ 135 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ഇതിൽ 102 പേർ മാനസിക വൈകല്യം നേരിടുന്നവരും 33 പേർ ശാരീരിക വൈകല്യം നേരിടുന്നവരുമാണ്.

അർഹമായ ധനസഹായം പൂർണ്ണമായി നൽകുന്നില്ല.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നല്കാൻ സർക്കാർ നിർദേശിച്ച ധനസഹായം പൂർണ്ണമായി നൽകിയിട്ടില്ല. അർഹമായ വാർഷിക ബത്തകൾ, യാത്രാ ബത്ത, ഉല്ലാസയാത്രാ ബത്ത എന്നിവ പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉല്ലാസ യാത്രാചെലവ് ഉൾപ്പെടുത്താതെ പ്രതിവർഷം ₹18,200 യും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും സ്കോളർഷിപ്പിന് അർഹതയുണ്ട്. ഇതനുസരിച്ച് മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് ₹ 18,56,400 യും (102x18200) ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഏറ്റവും ചുരുങ്ങിയ നിരക്ക് 5300 പരിഗണിച്ചാൽ (1-4 ) ₹ 1,74,900 (33x5300) രൂപയും ഉൾപ്പെടെ ₹ 20,31,300 ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ പഞ്ചായത്ത് ആകെ ₹ 12,00,000 മാത്രമാണ് ഈ ഇനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയത്.

സർക്കാർ നിർദേശിച്ച ധനസഹായം പൂർണ്ണമായി നൽകുന്നതിന് ആവശ്യമായ പണം വകയിരുത്തുന്നതിനും അർഹമായ തുക പൂർണ്ണമായി നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹200000 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | മരുന്നിന് ചെലവഴിച്ച തുക | ബിൽ / ചെക്ക് നമ്പർ |
|---|---|---|
| പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ ( 33/17 ) | 100000 | 4/16-17 തി. 30.03.2017 |
| പരിരക്ഷ ( 35/17 ) | 100000 | 5/16-17 തി. 31.03.2017 |
| ആകെ | 200000 | |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 200000 തടസ്സം ചെയ്യുന്നു.

## 3-15 മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) 2016-17 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

I. S0016/16-17, ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 1/16-17 തി. 15-12-2016

തുക: 300,000 രൂപ (ഹോംകോ ആലപ്പുഴ)

ഡി.ഡി നമ്പർ: 113662/ 15-12-2016

| ലഭ്യമായ മരുന്നുകൾ | | ലഭ്യമാക്കാനവശേഷിക്കുന്ന തുക |
|---|---|---|
| ഇൻവോയ്സ് നമ്പർ/തിയ്യതി | തുക | |
| LF61/10-05-2017 | 198950 | |
| ആകെ | 198950 | 1,01,050 |

II. S0062/16-17, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 2/16-17 തി. 15-12-2016

തുക: 200,000 രൂപ (ഔഷധി, തൃശ്ശൂർ)

ഡി.ഡി നമ്പർ: 113663/ 15-12-2016

| ലഭ്യമായ മരുന്നുകൾ | | ലഭ്യമാക്കാനവശേഷിക്കുന്ന തുക |
|---|---|---|
| ഇൻവോയ്സ് നമ്പർ/തിയ്യതി | തുക | |
| 4388/28-02-2017 | 64914 | |
| 90020385/06-06-2017 | 45675 | |
| 90023728/30-06-2017 | 54119 | |
| ആകെ | 164708 | 35292 |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1,36,342 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കൊണ്ടോട്ടി | 184000 | ST വിദ്യാർത്ഥികൾക്ക് പഠന മുറി | 0 | 184000 |
| | 600000 | ODF | 308000 | 292000 |
| | 40000 | ST വീട് റിപ്പയർ | 0 | 40000 |
| ജില്ലാ പഞ്ചായത്ത്, മലപ്പുറം | 275000 | ഭിന്നശേഷി സ്കോളർഷിപ്പ് | 275000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഒരലാശ്ശേരി കോലോത്തുംപറമ്പ് റോഡിന് കുറുകെയുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | - | 23697 | 23697 | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കരിയാത്തൻ കുഴി നിർദിഷ്ട ഐ.ടി.ഐ ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21600789/03-03-2017 | 100000 | 0 | 100000 |
| | മണ്ണാറ കുഴി ചോലക്കര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21600790/03-03-2017 | 50000 | 0 | 50000 |
| | മണ്ണറോട്ട് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600791/03-03-2017 | 150000 | 0 | 150000 |
| | താഴെപ്പറമ്പ് എറക്കോട്ടിൽ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600792/03-03-2017 | 150000 | 0 | 150000 |
| | വെളുമ്പിലാംകുഴി പനമ്പുറം ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600793/03-03-2017 | 100000 | 0 | 100000 |
| | ചീടിക്കുഴി തടായി പുൽപ്പറമ്പ് ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600794/03-03-2017 | 100000 | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | അട്ടൂർപ്പറായി ആല്യംകണ്ടി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600794/03-03-2017 | 90000 | 0 | 90000 |
| | വെട്ടത്തൂർ ഐലാക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600794/03-03-2017 | 100000 | 0 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1038946 |
| ആകെ | 1038946 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1038946 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീണ ബാങ്ക്, വാഴക്കാട് | 1038946 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 2 (1) | 250 | സൈത് ഫസലുള്ള, സി.പി.ഒ | 11606102548/ |

| | | | | |
|---|---|---|---|---|
| | | | | 30.08.2016 |
| 2013-14,<br>2014-15 | 2 (1) | 150 | ശിവൻ, ജി.ഡി.എസ് | 11606102537/<br>30.08.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | 36,41 | ചോലക്കുഴി റോഡ്<br>കീപ്രാട്ടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2005-06 | 3(2) | 2010-11 | 3(3) | | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(1), 3(3) | 2010-11 | 3(3) | | നടപടി തുടർന്നു വരുന്നു |
| 2007-08 to 2009-10 | 3(2), 3(13) | 2012-13 | 3(2) | | നടപടി തുടർന്നു വരുന്നു |
| 2011-12 2012-13 | | 2014-15 | 4(1) | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടർന്നു വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55466155 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53038013 |
| വരവിനങ്ങളിലുള്ള നഷ്ടം | 85188 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2207822 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3707 | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി |
| 2-2 | 78411 | | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി – 6445 |
| | | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി – 71966 |
| 2-3 | 1750 | | ശ്രീ. ജയപ്രകാശൻ. കെ, സെക്രട്ടറി – 730 |
| | | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി – 1020 |
| 2-5 | 1320 | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി |
| ആകെ | 85188 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 400000 | ശ്രീ. വിജയകുമാരൻ, ഹെഡ്മാസ്റ്റർ |
| 3-2 | 396480 | ശ്രീമതി. ബിന്ദു. കെ.കെ, കൃഷി ഓഫീസർ |
| 3-4 | 600000 | ശ്രീ. വിജയകുമാരൻ, ഹെഡ്മാസ്റ്റർ |
| 3-5 | 475000 | ശ്രീമതി. ശ്രീകുമാരി. എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 200000 | ഡോ. മുഹമ്മദ് അമീൻ. എ.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-15 | 136342 | ഡോ. വിവേക്. വി ദേവൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 2207822 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-1, 2-2, 2-3, എന്നിവ കാണുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 183 | ശ്രീ.സുനിൽകുമാർ. പി.പി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയപ്രകാശൻ. കെ, | -- | കുറിയത്താഴ വീട്, കീഴാൽ പി.ഒ, |

| | | |
|---|---|---|
| സെക്രട്ടറി | | വടകര, കോഴിക്കോട് 673104 |
| ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി | സെക്രട്ടറി, വാഴക്കാട് ഗ്രാമ പഞ്ചായത്ത് | പ്രീതാ നിവാസ്, രാമനാട്ടുകര, കോഴിക്കോട് ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.9/1496/03 തി:23.10.2003 | 5 | |
| 1983-84 | എൽ.എഫ്.എം.7/502/15 തി:26.06.2015 | 1 | |
| 1998-99 | എൽ.എഫ്.എം.12/1507/03 തി:04.11.2003 | 27 | |
| 1999-00 | എൽ.എഫ്.എം.12/974/02 തി:04.07.2007 | 18 | |
| 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 | |
| 2001-02 | എൽ.എഫ്.എം.7/2311/12(8) തി:29.06.2013 | 10 | |
| 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 22 | |
| 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 12 | |
| 2004-05 | എൽ.എഫ്.എം.16/1496/10 തി:04.07.2011 | 11 | |
| 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 12 | |
| 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 9 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 25 | |
| 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 14 | |
| 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം.7/31/2017 തി. 06-02-2017 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.7/1881/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി : 23-10-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം - 2

# AUDIT CERTIFICATE

No.KSA/MPM.7/1881/2017

Kerala State Audit Department

District Audit office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 23-10-2017

Certified that I have audited the Annual Financial Statement of Vazhakkad Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Vazhakkad Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department,
District Audit Office

Malappuram